**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 5838** — **27.10.2011- ൽ മറുപടിക്ക്**

**കൃഷി ഓഫീസർ ഗ്രേഡ് II തസ്തികയിലേക്ക് പി.എസ്.സി.യുടെ എഴുത്തുപരീക്ഷ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീമതി.കെ.കെ.ലതിക | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷി അസിസ്റ്റന്റുമാർക്ക് കൃഷി ഓഫീസർ ഗ്രേഡ് II തസ്തികയിലേക്ക് പ്രമോഷൻ ലഭിക്കുന്നതിന് പി.എസ്.സി.യുടെ 12.08.2011-ലെ വിജ്ഞാപന പ്രകാരം നടത്താൻ പോകുന്ന എഴുത്ത്പരീക്ഷയ്ക്ക് കൃഷി വകുപ്പിൽ നിന്നും എത്ര കൃഷി അസിസ്റ്റന്റുമാർ വകുപ്പിന്റെ അനുമതി-യോടെ അപേക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) പ്രസ്തുത പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ വകുപ്പ മേധാവി, സ്ഥാപന മേധാവി മുഖേന അപേക്ഷ സമർപ്പിക്കേണ്ടതില്ല. വകുപ്പ മേധാവി/ സ്ഥാപന മേധാവിയിൽ നിന്നും വാങ്ങിയ സർവ്വീസ് സർട്ടിഫിക്കറ്റ് സഹിതം വകുപ്പ് മേധാവി/സ്ഥാപന മേധാവി മേലൊപ്പവച്ച് അപേക്ഷകൾ അപേക്ഷകർക്ക് നേരിട്ട് പി.എസ്.സി.ക്ക് അയയ്ക്കാവുന്നതാണ്. ഇതിൽ വകുപ്പിന്റെ പ്രത്യേക അനുമതി ആവശ്യമില്ല. |
| (ബി) പ്രസ്തുത പരീക്ഷയ്ക്ക് വേണ്ട അടിസ്ഥാന യോഗ്യത സർവ്വീസ് കാലയളവ് പൂർത്തിയാക്കിയതായി കണക്കാക്ക-ന്നതിന് ആരെങ്കിലും റഗുലർ സർവ്വീസും എംപ്ലോയ്മെന്റ് സർവ്വീസും കൂടിചേർത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്ത-മാക്കാമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

2

| | |
|---|---|
| (സി) എങ്കിൽ അവരുടെ ഓഫീസ് മേൽവിലാസം സഹിതമുള്ള ലിസ്റ്റ് ലഭ്യമാക്കുമോ; | (സി) ബാധകമല്ല. |
| (ഡി) 30.9.1994-ന് ശേഷം റഗുലർ നിയമനം ലഭിച്ചവരുടെ മുൻ എംപ്ലോയ്മെന്റ് സർവ്വീസ് പ്രൊമോഷനുള്ള യോഗ്യത കാലയളവ് അല്ല എന്ന സർവ്വീസ് ചട്ടം നിലവിലിരിക്കെ ഇത് ലംഘിച്ച് കൃഷി അസിസ്റ്റന്റുമാരുടെ അപേക്ഷ ശുപാർശ ചെയ്ത മേലുദ്യോഗസ്ഥരുടെ ലിസ്റ്റ്, ഓഫീസ് മേൽവിലാസം സഹിതം ലഭ്യ-മാക്കുമോ? | (ഡി) ഇത്തരത്തിൽ ഏതെങ്കിലും കൃഷി അസിസ്റ്റന്റുമാരുടെ പേര് ഏതെങ്കിലും ഉദ്യോഗസ്ഥർ ശുപാർശ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ